19. ശ്രീ. കുരുവിള തോമസ് ഐ.എഫ്.എസ്.

57 (2367) നെടുമങ്ങാട് താലൂക്കിലെ പോലീസിന്റെ അപര്യാപ്തത

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപാലനത്തിന് മതിയായ പോലീസ് ഇല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമങ്ങാട് ക്രമസമാധാനപാലനത്തിനായി നെയ്യാറ്റിൻകരയിൽനിന്നും പോലീസിനെക്കൊണ്ടുവരേണ്ട സാഹചര്യം ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നെടുമങ്ങാട് കേന്ദ്രമായി രണ്ടു കമ്പനികൾ ഉള്ള ഒരു സബ് ക്യാമ്പ് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപാലനത്തിന് മതിയായ പോലീസ് സംവിധാനം നിലവിലുണ്ട്. നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട്, വലിയമല, വിതുര, പാലോട്, പൊൻമുടി, ആര്യനാട്, വട്ടപ്പാറ, വെഞ്ഞാറമൂട്, പാങ്ങോട് എന്നീ സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. കൂടാതെ നെടുമങ്ങാട് സബ് ഡിവിഷനിലുൾപ്പെടുന്നതും നെടുമങ്ങാട് താലൂക്കിന്റെ സമീപപ്രദേശങ്ങളിലുള്ളതുമായ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരേയും ക്രമസമാധാന പ്രശ്നമുണ്ടായാൽ നിയോഗിക്കാറുണ്ട്. മാത്രവുമല്ല ആവശ്യമുള്ള ഘട്ടങ്ങളിൽ നെടുമങ്ങാട് താലൂക്കിന്റെ അടുത്തുള്ള എസ്.എ.പി. ബറ്റാലിയനിൽനിന്നും പോലീസ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്.

(ബി) ക്രമസമാധാന പാലനത്തിനായി ജില്ലാ ആംഡ് റിസർവ്വിൽനിന്നുള്ള പോലീസുകാരുടെ സേവനം ആവശ്യമായി വരുമ്പോൾ മാത്രം നെയ്യാറ്റിൻകരയിലുള്ള തിരുവനന്തപുരം റൂറൽ ജില്ലാ എ.ആർ. ക്യാമ്പിൽനിന്നും സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്.

(സി) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപ്രശ്നം ഉണ്ടാകുമ്പോൾ സമീപപ്രദേശമായ നെയ്യാറ്റിൻകര എ.ആർ.ക്യാമ്പിൽനിന്നും പോലീസ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്. ആയതിനാൽ ഒരു സബ് ക്യാമ്പ് അവിടെ തുടങ്ങുവാൻ തൽക്കാലം സർക്കാരിന് ഉദ്ദേശമില്ല.

58 (2368) ടെക്നിക്കൽ വിഭാഗത്തിലെ പോലീസുകാർ

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-8-1994-ലെ ജി.ഒ.(എം.എസ്.) 139/94 ഹോം എന്ന ഉത്തരവു പ്രകാരം ടെക്നിക്കൽ വിഭാഗത്തിലുള്ള പോലീസുകാർ ഏതു റാങ്കിലാണ് അയിപ്പെടുന്നതെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് യൂണിഫാം റൂൾസ് അനുസരിച്ച് 'വി' ഷേപ്പിലുള്ള എത്ര സ്ട്രൈപ്പുകൾ അവരുടെ യൂണിഫോമിൽ വയ്ക്കുവാൻ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) 8-8-94-ലെ ജി.ഒ. (എം.എസ്.) 139/94 ഹോം എന്ന സർക്കാർ ഉത്തരവ് പോലീസ് വകുപ്പിനെ സംബന്ധിച്ചുള്ളതല്ല.

(ബി) ജി.ഒ. (എം.എസ്.) 133/94/ഹോം തീയതി 8-8-94 പ്രകാരം കേരള പോലീസ് സർവ്വീസിന്റെ യൂണിഫോം റൂൾസിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ഏഴുവർഷം (ഹയർ ഗ്രേഡ്) സർവ്വീസ് പൂർത്തിയാക്കിയ പോലീസുകാർക്ക് യൂണിഫോമിൽ മൂന്ന് 'വി' ആകൃതിയിലുള്ള വെള്ള സ്ട്രൈപ്പ്സ് ധരിക്കാൻ ഉത്തരവായിട്ടുണ്ട്.

59 (2369) പോലീസ് സേനയുടെ അംഗസംഖ്യ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ മൊത്തം അനുവദിക്കപ്പെട്ടിട്ടുള്ള അംഗസംഖ്യ എത്രയാണ്;

(ബി) ഓരോ ജില്ലയിലേയും കണക്ക് നൽകാമോ;

(സി) ഇപ്പോൾ മൊത്തം എത്രപേർ ജോലിചെയ്യുന്നു; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഡി.ജി.പി., ഐ.ജി.പി., ഡി.ഐ.ജി., എസ്.പി., എ.എസ്.പി., ഡെപ്യൂട്ടി എസ്.പി., സി.ഐ., ആർ.ഐ./എ.പി.ഐ., എസ്.ഐ./ആർ.എസ്.ഐ,/എ.പി.എസ്.ഐ, ലോക്കൽ എച്ച്.സി/എ.ആർ.എച്ച്.സി., എ.പി. ബറ്റാലിയൻ, ഹവീൽദാർ, ലോക്കൽ പി.സി./എ.ആർ.പി/ബറ്റാലിയൻ പി.സി., മറ്റു ടെക്നിക്കൽ വിഭാഗം എന്നിവയിൽ ഓരോ തസ്തികയിലേയും അഗംസംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ റാങ്കുകളിലായി പോലീസ് സേനയിൽ 44399 അംഗസംഖ്യയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

(ബി) കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പോലീസ് സേനയിലെ 41 യൂണിറ്റുകളിലായി വിവിധ തസ്തികകളിൽ 38770 പേർ ജോലി ചെയ്യുന്നു. വിവിധ തസ്തികകളിലായി 5629 ഒഴിവുകൾ ഉണ്ട്.

(ഡി) പോലീസ് സേനാംഗങ്ങളുടെ തസ്തിക തരിച്ചുള്ള വിവരം താഴെകൊടുക്കുന്നു.

പോലീസ് ഡയറക്ടർ ജനറൽ	– 1
അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ	– 5

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly